I ഇ.ബി. XV - കേരള നിയമസഭ/IV-11

## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 മാർച്ച് 18, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ചങ്ങനാശ്ശേരി മാടപ്പള്ളിയിൽ സിൽവർ ലൈൻ പദ്ധതിക്ക് സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ടുണ്ടായ പോലീസ് അതിക്രമത്തിൽ പ്രതിഷേധിച്ചുനടന്ന പ്രതിപക്ഷ ബഹളത്തെയും ബഹിഷ്കരണത്തേയും തുടർന്ന് ചോദ്യോത്തരവേളയ്ക്കിടയിൽ 9.26-ന് നിർത്തിവച്ച സഭ 10.00-ന് പുനരാരംഭിക്കുകയും ശ്രദ്ധക്ഷണിക്കലുകളും സബ്മിഷനുകളും റദ്ദ് ചെയ്യുകയും ചെയ്തു.)

## I പ്രത്യേക പരാമർശം

നിയമസഭാ സെക്രട്ടറി ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സ്പെഷ്യൽ സെക്രട്ടറി ശ്രീ. ആർ. കിഷോർ കുമാർ എന്നിവരുടെ വിരമിക്കൽ സംബന്ധിച്ച ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തി.

## II മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 166(1), 47(2) എന്നിവ പ്രകാരമുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## III റിപ്പോർട്ട് സമർപ്പണം

സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകളും പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ മൂന്നും നാലും റിപ്പോർട്ടുകളും സമർപ്പിച്ചു.

## IV ധനകാര്യം

<u>വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത

പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാൻഡ് ഹെഡ്ഡുകൾ സംബന്ധിച്ച് 2022-23 സാമ്പത്തിക വർഷത്തെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണർക്ക് നൽകണം" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

വോട്ട് ഓൺ അക്കൗണ്ട് സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## V നിയമനിർമ്മാണകാര്യം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണം

(i) 2022-ലെ കേരള ധനകാര്യ ബിൽ

(ii) 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ)ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2022-ലെ കേരള ധനകാര്യ ബില്ലും 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

(2) 2022-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2022-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2022-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പരിഗണനയ്ക്കെടുക്കുകയും ചെയ്തു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2022-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സാക്കി.

## VI അവകാശലംഘന പ്രശ്നങ്ങളും പെരുമാറ്റ ചട്ടലംഘന പ്രശ്നങ്ങളും

### 1. പരിഗണനയിലിരിക്കുന്നവ

മി. സ്പീക്കർ: കിറ്റെക്സ് കമ്പനി ചെയർമാൻ ശ്രീ. സാബു എം. ജേക്കബിനെതിരെ ശ്രീ. പി. വി. ശ്രീനിജിൻ എം.എൽ.എ. നൽകിയ നോട്ടീസും ബഹുമാനപ്പെട്ട നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി, സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്നിവർക്കെതിരെ ഡോ. മാത്യു കുഴൽനാടൻ എം.എൽ.എ നൽകിയ നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

2. അനുമതി നിഷേധിച്ചവ

ബഹുമാനപ്പെട്ട പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) എം.എൽ.എ. നൽകിയ നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

3.അനുമതി നിഷേധിച്ച പെരുമാറ്റ ചട്ടലംഘന പ്രശ്നം

ഡോ. മാത്യു കുഴൽനാടൻ എം.എൽ.എ.-യ്ക്കെതിരെ ശ്രീ. എം. വിജിൻ എം.എൽ.എ നൽകിയ നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

## VII പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): "സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും കേരള നിയമസഭാ ലൈബ്രറിയുടെ ഒരുവർഷം നീണ്ടുനിൽക്കുന്ന ശതാബ്ദി ആഘോഷങ്ങളുടെയും ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് ആവിഷ്കരിച്ചിട്ടുള്ള 'ആസാദി കാ അമൃത് മഹോത്സവ'ത്തിന്റെയും ഭാഗമായി നിയമസഭാ മന്ദിര പരിസരത്ത് ഈ വർഷം ഒരു അന്താരാഷ്ട്ര പുസ്തകോത്സവവും വിവിധ ജില്ലാ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ഇന്ത്യൻ സ്വാതന്ത്ര്യ സമരാനുഭവങ്ങളുടെ ഭാഗമായി ഓഡിയോ-വീഡിയോ പ്രദർശനവും സെമിനാറുകളും സംഘടിപ്പിക്കുവാനും നിയമവകുപ്പിന്റെ സഹകരണത്തോടെ ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണസഭയുടെ ഡിബേറ്റുകൾ (Constituent Assembly Debates) മലയാളത്തിൽ തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ടെന്നും നിയമസഭാ ഹോസ്റ്റലിൽ നിലവിലുള്ള പമ്പാ ബ്ലോക്ക് പൊളിച്ചുമാറ്റി പുതിയ ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നതായും വിവിധ നിയമസഭാ സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സമിതി

അധ്യക്ഷന്മാരുടെ ഒരു യോഗം ഉടൻതന്നെ ചേരാൻ ഉദ്ദേശിക്കുന്നതായും സഭയെ അറിയിക്കുകയും ചെയ്തു. സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ഹൃദ്യമായ ഈസ്റ്റർ, വിഷു, റമദാൻ ആശംസകൾ നേരുകയും ചെയ്തു.

(സഭ ദേശീയഗാനാലാപനത്തോടെ രാവിലെ 10.23-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

******